വിശകലനം

സി. ദാവൂദ്

# ഒബാമയുടെ 5805 വാക്കുകൾ

**കഴിഞ്ഞ** ജൂൺ നാലിന് കയ്റോ യൂനിവേഴ്സിറ്റിയുടെ ഗ്രാൻഡ് ഹാളിൽ പ്രത്യേകം ക്ഷണിക്കപ്പെട്ടവരുടെ സദസ്സിൽ ബറാക് ഹുസൈൻ ഒബാമ നടത്തിയ ചരിത്ര പ്രധാനമായ ആ പ്രഭാഷണം അതിന്റെ ശക്തിയും സൗന്ദര്യവും കൊണ്ട് ആരെയും ആകർഷിക്കുന്നത് തന്നെയായിരുന്നു. ഒരു മണിക്കൂറിലേറെ നീണ്ട ആ പ്രഭാഷണത്തിൽ ഉച്ചരിക്കപ്പെട്ട 5804 വാക്കുകളിൽ ഓരോന്നും തീർച്ചയായും വരുംകാലങ്ങളിൽ ഡിസക്ഷൻ ടേബിളുകളിൽ കീറിമുറിച്ച് പരിശോധിക്കപ്പെടും. ഒബാമയുടെ കയ്റോ പ്രഭാഷണത്തെക്കുറിച്ച് അമേരിക്കൻ രാഷ്ട്രീയ നിരീക്ഷകനായ എം.ജെ റോസൻ ബർഗ് Talking Points Memo എന്ന വെബ് പോർട്ടലിൽ എഴുതിയ ലേഖനത്തിന്റെ ആദ്യവാചകം Mission accomplished എന്നാണ്. ഇറാഖ് അധിനിവേശത്തിന്റെ ഔദ്യോഗിക പരിസമാപ്തി കുറിച്ചു കൊണ്ട് ഒബാമയുടെ മുൻഗാമി ജോർജ് ബുഷ് ബഗ്ദാദിൽ വന്ന് പ്രഖ്യാപിച്ച വാക്കുകളാണ് Mission accomplished എന്നത്. ഒന്നുകിൽ ഞങ്ങളോടൊപ്പം അല്ലെങ്കിൽ ഞങ്ങളുടെ ശത്രുക്കൾ എന്ന കുപ്രസിദ്ധമായ ബുഷ് തിയറിയിൽ നിന്നുള്ള പ്രകടമായ മാറ്റം പ്രകടിപ്പിച്ചുവെന്ന അർഥത്തിലെങ്കിലും ഒബാമ തന്റെ മിഷൻ അക്കംപ്ലിഷ് ചെയ്തിരിക്കുന്നുവെന്ന് മനസ്സിലാക്കാം. ഞങ്ങൾ/നിങ്ങൾ ദ്വന്ദ്വത്തിനപ്പുറം കടന്ന് നമ്മളിലേക്ക് വളരുവാൻ വാക്കുകൾ കൊണ്ടെങ്കിലും സാധിച്ചുവെന്നത് ആരെയും ആഹ്ലാദിപ്പിക്കുന്നതാണ്.

ഇസ്‌ലാമുമായി ഇനി ഞങ്ങൾ യുദ്ധത്തിനില്ല എന്നാണ് ഒബാമ അർഥശങ്കക്കിടയില്ലാത്ത വിധം പ്രഖ്യാപിച്ചത്. അതിനർഥം ഇതുവരെ ഞങ്ങൾ ഇസ്‌ലാമുമായി യുദ്ധത്തിലായിരുന്നു എന്നു തന്നെയാണ്. ഇസ്‌ലാമിക പാഠങ്ങളിലെ പദാവലികൾ നിർബാധം ഉപയോഗിച്ചും (ആസാൻ, സകാത്ത്, ഹിജാബ്, ഇസ്റാഅ്.....) ഖുർആൻ സൂക്തങ്ങൾ ഉദ്ധരിച്ചും കൊണ്ടുള്ള ആ പ്രഭാഷണം ഏത് കടുത്ത തീവ്രസമീപനക്കാരെയും ആകർഷിക്കാതിരിക്കില്ല. ഒബാമ തന്നെ പറഞ്ഞതു പോലെ, ഒരു രാത്രി കൊണ്ടോ ഒരു പ്രഭാഷണം കൊണ്ടോ മാറ്റങ്ങൾ പ്രതീക്ഷിക്കേണ്ടതില്ല. അമേരിക്ക അടിമുടി മാറി എന്ന കവിഞ്ഞ ശുഭ

**മുസ്‌ലിം ഭരണകൂടങ്ങളുമായി അമേരിക്കയും ഒബാമയും പ്രത്യേകമായി അടുക്കേണ്ട ആവശ്യം പുതുതായി വരുന്നില്ല. അങ്ങനെയൊരു അടുപ്പം ആവശ്യത്തിലധികം ഇപ്പോൾ തന്നെ നിലവിലുണ്ട്. മുസ്‌ലിം സമൂഹവുമായും അവരെ പ്രതിനിധാനം ചെയ്യുന്ന പ്രസ്ഥാനങ്ങളുമായാണ് അമേരിക്കക്ക് അടുക്കാനുള്ളത്. അതിന് നിലവിലെ അവസ്ഥയിൽ അടിസ്ഥാനപരമായ മാറ്റം വന്നേ മതിയാവൂ.**



*റാശിദുൽ ഗനൂശി*

പ്രതീക്ഷയും ആരും വെച്ചുപുലർത്തേണ്ടതില്ല. എന്നാലും ഏത് അശുഭ ചിന്തകൾക്കപ്പുറത്തും പ്രതീക്ഷയുടെയും മാറ്റത്തിന്റെയും സന്ദേശം ആ പ്രഭാഷണം വഹിക്കുന്നുണ്ടെന്ന് സമ്മതിച്ചേ പറ്റൂ.

പ്രതീക്ഷിച്ചതുപോലെ സമ്മിശ്ര പ്രതികരണമാണ് മുസ്‌ലിം ലോകത്ത് നിന്ന് പൊതുവെ ഇതിനോടുണ്ടായത്. അമേരിക്കയുടെ ഗിരിപ്രഭാഷണങ്ങൾ മുസ്‌ലിംകൾക്ക് ആവശ്യമില്ലെന്നും പ്രവർത്തനങ്ങളിലൂടെയാണ് ആത്മാർഥത തെളിയിക്കേണ്ടതെന്നും ലബനാനിലെ ഹിസ്ബുല്ല പ്രതികരിച്ചു. മേഖലയിലെ ഏറ്റവും വെറുക്കപ്പെട്ട രാജ്യമാണ് അമേരിക്ക; ആ നിലപാടിൽ മാറ്റം വരാൻ മാത്രമൊന്നും സംഭവിച്ചിട്ടില്ല എന്നാണ് ഇറാൻ ആത്മീയ നേതാവ് അലീ ഖാംനഈ പ്രതികരിച്ചത്. പ്രസംഗം നല്ലതു തന്നെ, പക്ഷേ പ്രവർത്തിച്ചു തെളിയിക്കൂ എന്ന് ഹമാസും പ്രതികരിച്ചു. പ്രഭാഷണത്തെ അടിമുടി തള്ളിപ്പറഞ്ഞ ഏക ഇസ്‌ലാമിക പ്രസ്ഥാനം പാകിസ്താൻ ജമാഅത്തെ ഇസ്‌ലാമിയാണ്. അമേരിക്കയുടെ കാപട്യവും ചതിയും ക്രൂരതകളും മറച്ചുവെക്കാനുള്ള വഞ്ചനാത്മകമായ വർത്തമാനത്തിനപ്പുറം മറ്റൊന്നുമല്ല ഒബാമയുടെ പ്രസംഗമെന്നാണ് പാക് ജമാഅത്തിന്റെ പുതിയ തലവൻ സയ്യിദ് മുനവ്വർ ഹുസൈൻ പ്രതികരിച്ചത്. പാകിസ്താനിലെ സ്വാത് പ്രദേശവും മറ്റും കേന്ദ്രീകരിച്ചു നടക്കുന്ന ആഭ്യന്തര സംഘർഷങ്ങളുടെ പിന്നിൽ അമേരിക്കയും സി.ഐ.എയുമാണെന്നാണ് പാക് ജമാഅത്തിന്റെ നിലപാട്. പാകിസ്താനിൽ കനത്ത ആഭ്യന്തര സംഘർഷം സൃഷ്ടിച്ച്, മുമ്പ് അഫ്ഗാനിസ്താനിൽ കടന്നു കയറിയതു പോലെ പാകിസ്താനിലും കടന്നു കയറാനുള്ള വിശാല പദ്ധതിയുടെ ഭാഗമാണിതെന്നും ജമാഅത്ത് കരുതുന്നു.



*യൂസുഫുൽ ഖറദാവി*

അത്തരമൊരു അവസ്ഥയിൽ ഒബാമയുടെ പ്രസംഗത്തെ വിശ്വാസത്തിലെടുക്കാൻ അവർക്ക് സാധിച്ചുകൊള്ളണമെന്നില്ല.

ലോകത്തെ ഏറ്റവും വലിയ ഇസ്‌ലാമിക പ്രസ്ഥാനമായ ഇഖ്‌വാനുൽ മുസ്‌ലിമൂന്റെ (മുസ്‌ലിം ബ്രദർഹുഡ്)

**‘മനുഷ്യരുടെ പൊതുവായ നന്മക്ക് വേണ്ടിയുള്ള പരിശ്രമത്തിൽ നമുക്കൊന്നിച്ച് മുന്നേറാം എന്ന നിലയിൽ ഒബാമയുടെ പ്രഭാഷണത്തിന് വലിയ പ്രസക്തിയുണ്ട്. എന്നാൽ ഫലസ്ത്വീന്റെ കാര്യത്തിൽ ആർജവമുള്ള നിലപാടെടുക്കാൻ അദ്ദേഹത്തിന് കഴിഞ്ഞില്ല. പ്രത്യേകിച്ച് അവിടെ ജനാധിപത്യപരമായി തെരഞ്ഞെടുക്കപ്പെട്ട ഹമാസിന്റെ കാര്യത്തിൽ’**
**–അൽ ഖതാതിനി പറഞ്ഞു.**


പ്രതികരണമാണ് എല്ലാവരും ആകാംക്ഷയോടെ നോക്കിയത്. ഇഖ്‌വാന്റെ പാർലമെന്ററി ബ്ലോക് അധ്യക്ഷൻ മുഹമ്മദ് സഅ്ദ് അൽഖതാതിനിയുടെ നേതൃത്വത്തിൽ പത്തംഗ സംഘത്തെ ഒബാമയുടെ പ്രഭാഷണം കേൾക്കാൻ ഗ്രാൻഡ് ഹാളിലേക്ക് ക്ഷണിച്ചിരുന്നു. ഈജിപ്തിലെ ഏറ്റവും വലിയ പ്രതിപക്ഷ പാർട്ടിയായ ഇഖ്‌വാന്റെ നേതൃത്വത്തെ പരിപാടിയിലേക്ക് ക്ഷണിക്കുന്നതിൽ



*ഫൈസൽ മൗലവി*

ഈജിപ്ഷ്യൻ ഭരണകൂടത്തിന് ഒട്ടും താൽപര്യമുണ്ടായിരുന്നില്ല. എന്നാൽ അമേരിക്കയുടെ സമ്മർദത്തെത്തുടർന്ന് അവരെ വിളിക്കേണ്ടിവരികയായിരുന്നു. അതേ സമയം, ഒബാമ ഭരണകൂടവും ഇഖ്‌വാൻ നേതൃത്വവും തമ്മിൽ ഉഭയകക്ഷി ചർച്ചകൾ നടക്കുന്നതിനെക്കുറിച്ചും മാധ്യമ വാർത്തകൾ വന്നുകൊണ്ടിരുന്നു. ജൂൺ നാലിന് ഇറങ്ങിയ ഈജിപ്ഷ്യൻ പത്രമായ *അൽ മിസ്‌രി അൽ യൗം* ഇഖ്‌വാന്റെ അമേരിക്കൻ പ്രതിനിധികളും ഒബാമയും തമ്മിൽ വൈറ്റ് ഹൗസിൽ ഏതാനും ആഴ്ചകൾക്ക് മുമ്പ് ചർച്ച നടന്നതായി റിപ്പോർട്ട് ചെയ്തു. എന്നാൽ ഇത് അമേരിക്കൻ പക്ഷത്ത് നിന്നോ ഇഖ്‌വാൻ പക്ഷത്ത് നിന്നോ സ്ഥിരീകരിക്കപ്പെട്ടിട്ടില്ല. ഒബാമയുടെ പ്രസംഗത്തിന്റെ തലേദിവസം *വോയ്സ് ഓഫ് അമേരിക്ക റേഡിയോക്ക്* നൽകിയ അഭിമുഖത്തിൽ ഒബാമയെ ഹൃദയപൂർവം സ്വാഗതം ചെയ്യുന്നതായി ഇഖ്‌വാന്റെ ഉപാധ്യക്ഷൻ മുഹമ്മദ് ഹബീബ് പറയുകയുണ്ടായി. ഒബാമയുടെ പ്രഭാഷണ പരിപാടിയിൽ ക്ഷണിതാവായി പങ്കെടുത്ത ഇഖ്‌വാന്റെ പാർലമെന്ററി ബ്ലോക് അധ്യക്ഷൻ മുഹമ്മദ് സഅ്ദ് അൽഖതാതിനിയാകട്ടെ ഒബാമയുടെ പ്രഭാഷണത്തെ തെളിമയുള്ള ശൈലീമാറ്റമായാണ് വിശേഷിപ്പിച്ചത്. ‘മനുഷ്യരുടെ പൊതുവായ നന്മക്ക് വേണ്ടിയുള്ള പരിശ്രമത്തിൽ നമുക്കൊന്നിച്ച് മുന്നേറാം എന്ന നിലയിൽ ഒബാമയുടെ പ്രഭാഷണത്തിന് വലിയ പ്രസക്തിയുണ്ട്. എന്നാൽ ഫലസ്തീന്റെ കാര്യത്തിൽ ആർജവമുള്ള നിലപാടെടുക്കാൻ അദ്ദേഹത്തിന് കഴിഞ്ഞില്ല. പ്രത്യേകിച്ച് അവിടെ ജനാധിപത്യപരമായി തെരഞ്ഞെടുക്കപ്പെട്ട ഹമാസിന്റെ കാര്യത്തിൽ’ -അൽ ഖതാതിനി പറഞ്ഞു.

അൽ ഖതാതിനി സൂചിപ്പിച്ചതു



*സയ്യിദ് മുനവ്വർ ഹസൻ*



*സഅ്ദ് അൽ ഖതാതിനി*



*ഉർദുഗാൻ*

പോലെ രണ്ട് ഘടകങ്ങളിലായിരിക്കും ഒബാമയുടെ പുതിയ ഇസ്‌ലാം സൗഹൃദ നയം ഉടക്കി നിൽക്കുന്നത്. 1. മുസ്‌ലിം നാടുകളിലെ ജനാധിപത്യം. 2. ഇസ്രയേലിനോടുള്ള നിലപാട്.

ഒബാമ ജൂൺ നാലിനാണ് കയ്റോവിൽ പ്രസംഗിച്ചു പോയത്. എന്നാൽ ജൂൺ ആറിന് കയ്റോവിൽ നിന്ന് ഞെട്ടിക്കുന്ന ഒരു വാർത്തയുണ്ടായിരുന്നു. ഹുസ്നി മുബാറകിന്റെ ഭരണത്തെ വിമർശിച്ച നാല് പത്രങ്ങളുടെ അധിപൻമാരെ ഒരു വർഷം തടവിനും 20,000 പൗണ്ട് പിഴക്കും ശിക്ഷിച്ചു കൊണ്ടുള്ളതായിരുന്നു ആ വാർത്ത. അടിസ്ഥാന മനുഷ്യാവകാശങ്ങളും പത്ര, രാഷ്ട്രീയ സ്വാതന്ത്ര്യവും ദശാബ്ദങ്ങളായി ഉരുക്കുമുഷ്ടി കൊണ്ട് അടിച്ചമർത്തുന്ന ഭരണകൂടമാണ് ഈജിപ്തിലും ഏതാണ്ടെല്ലാ മുസ്‌ലിം രാജ്യങ്ങളിലും നിലനിൽക്കുന്നത്. മധ്യകാലത്തെക്കാൾ ഭീകരമായ രാജാധിപത്യവും കുടുംബവാഴ്ചയും പല നാടുകളിലും കൊടികുത്തി വാഴുന്നു. കൗതുകകരമായ വസ്തുത, ഇത്തരം മർദക ഭരണകൂടങ്ങളെയെല്ലാം കാലങ്ങളായി താങ്ങി നിർത്തുന്നത് യു.എസ് ഭരണകൂടമാണെന്നതാണ്. സുതാര്യവും സ്വതന്ത്രവുമായ ജനാധിപത്യ പ്രക്രിയകൾക്ക് വേണ്ടി ഇത്തരം ഭരണകൂടങ്ങളിൽ സമ്മർദം ചെലുത്താൻ അമേരിക്കക്ക് കഴിയുന്നില്ല. കാരണം ലളിതം; എവിടെയെല്ലാം സ്വതന്ത്ര തെരഞ്ഞെടുപ്പ് നടക്കുന്നുവോ അവിടെയെല്ലാം ഇസ്‌ലാമിക പ്രസ്ഥാനങ്ങൾ മേൽക്കൈ നേടും. അങ്ങനെ ഇസ്‌ലാമിക പ്രസ്ഥാനങ്ങളെ തടഞ്ഞു നിർത്താൻ വേണ്ടി ജനാധിപത്യത്തെത്തന്നെ ബലി നൽകുന്ന സമീപനമാണ് അമേരിക്കയും വ്യത്യസ്ത മുസ്‌ലിം ഭരണകൂടങ്ങളും സ്വീകരിക്കുന്നത്.

1991ൽ അൾജീരിയയിൽ നടന്ന തെരഞ്ഞെടുപ്പിൽ സലഫി/ഇസ്‌ലാമിസ്റ്റ് സംഘടനയായ ഇസ്‌ലാമിക് സാൽവേഷൻ ഫ്രന്റ് തിളങ്ങുന്ന ഭൂരിപക്ഷം നേടിയപ്പോൾ അമേരിക്കൻ-ഫ്രഞ്ച് ഒത്താശയോടെ ആ തെരഞ്ഞെടുപ്പ് അട്ടിമറിക്കുകയായിരുന്നു ഭരണകൂടം. തുർക്കിയിൽ

**ഒന്നുകിൽ ഞങ്ങളോടൊപ്പം അല്ലെങ്കിൽ ഞങ്ങളുടെ ശത്രുക്കൾ എന്ന കുപ്രസിദ്ധമായ ബുഷ് തിയറിയിൽ നിന്നുള്ള പ്രകടമായ മാറ്റം പ്രകടിപ്പിച്ചുവെന്ന അർഥത്തിലെങ്കിലും ഒബാമ തന്റെ മിഷൻ അക്കംപ്ലിഷ് ചെയ്തിരിക്കുന്നുവെന്ന് മനസ്സിലാക്കാം. ഞങ്ങൾ/നിങ്ങൾ ദ്വന്ദ്വത്തിനപ്പുറം കടന്ന് നമ്മളിലേക്ക് വളരാൻ വാക്കുകൾ കൊണ്ടെങ്കിലും സാധിച്ചുവെന്നത് ആരെയും ആഹ്ലാദിപ്പിക്കുന്നതാണ്.**

നജ്മുദ്ദീൻ അർബകാന്റെ വെൽഫെയർ പാർട്ടി അധികാരത്തിൽ എത്തിയപ്പോൾ അതിനെ അട്ടിമറിക്കാനുള്ള നീക്കങ്ങൾക്ക് അമേരിക്കയും യൂറോപ്യൻ യൂനിയനും സമ്പൂർണ പിന്തുണ നൽകി. ഹമാസ് തകർപ്പൻ ഭൂരിപക്ഷത്തോടെ ഫലസ്ത്വീനിൽ തെരഞ്ഞെടുക്കപ്പെട്ടപ്പോൾ ഫതഹുമായി ചേർന്ന് ഹമാസിനെ നശിപ്പിക്കാൻ മുൻപന്തിയിൽ അമേരിക്കയുണ്ടായിരുന്നു. 'ഹമാസിന് കുറച്ച് ഫലസ്തീനികളുടെ പിന്തുണയുണ്ട്' എന്ന ഒഴുക്കൻ വർത്തമാനമാണ് ഏറെ പ്രകീർത്തിക്കപ്പെട്ട കയ്റോ പ്രഭാഷണത്തിൽ പോലും ഒബാമ പറഞ്ഞത്. ഫലസ്തീനികളിൽ മഹാഭൂരിപക്ഷവും, എല്ലാ എതിർപ്പുകളെയും അവഗണിച്ച് തെരഞ്ഞെടുത്ത ഒരു പ്രസ്ഥാനത്തെയാണ് ഒബാമ ഇങ്ങനെ കൊച്ചാക്കിയിരിക്കുന്നത്. ജനാധിപത്യത്തെക്കുറിച്ചുള്ള അമേരിക്കൻ താൽപര്യത്തിലുള്ള കാപട്യമാണ് ഇത് വെളിവാക്കുന്നത്. ഒബാമയുടെ പ്രസംഗം പ്രയോഗത്തിന്റെ തലത്തിലേക്ക് വരുമ്പോൾ അനുഭവിക്കാൻ പോവുന്ന ഏറ്റവും വലിയ വെല്ലുവിളിയും ഇതായിരിക്കും. അറബ് മുസ്‌ലിം നാടുകളിലെ ഏകാധിപതികളോട് അമേരിക്ക എന്തു സമീപനം സ്വീകരിക്കുന്നു? അവിടങ്ങളിലെ പ്രതിപക്ഷ/ഇസ്‌ലാമിസ്റ്റ്/ജനാധിപത്യ പാർട്ടികളോട് എന്തു സമീപനം സ്വീകരിക്കുന്നു? മുസ്‌ലിം ഭരണകൂടങ്ങളുമായി അമേരിക്കയും ഒബാമയും പ്രത്യേകമായി അടുക്കേണ്ട ആവശ്യം പുതുതായി വരുന്നില്ല. അങ്ങനെയൊരു അടുപ്പം ആവശ്യത്തിലധികം ഇപ്പോൾ തന്നെ നിലവിലുണ്ട്. മുസ്‌ലിം സമൂഹവുമായും അവരെ പ്രതിനിധാനം ചെയ്യുന്ന പ്രസ്ഥാനങ്ങളുമായാണ് അമേരിക്കക്ക് അടുക്കാനുള്ളത്. അതിന് നിലവിലെ അവസ്ഥയിൽ അടിസ്ഥാനപരമായ മാറ്റം വന്നേ മതിയാവൂ.

ഒബാമാ പ്രഭാഷണത്തിന്റെ രണ്ടാമത്തെ ദൗർബല്യം ഫലസ്ത്വീന്റെ കാര്യത്തിൽ നൈതികമായി ആർജവമുള്ള നിലപാട് സ്വീകരിക്കാൻ അതിന് സാധിച്ചില്ല എന്നതാണ്. ജൂതന്മാർ നാസി ഭരണത്തിന് കീഴിൽ അനുഭവിച്ച ക്രൂരതകളെക്കുറിച്ച് ഒബാമ വാതോരാതെ സംസാരിച്ചു. എന്നാൽ നാസി ഭീകരതക്ക് തത്തുല്യമായോ അതിൽ കൂടുതലായോ പിഴയൊടുക്കിക്കൊണ്ടിരിക്കുന്നത് അതു

മായി യാതൊരു ബന്ധവുമില്ലാത്ത ഫലസ്തീനികളാണെന്നത് ചരിത്രത്തിലെ വലിയൊരു ദുരന്തം തന്നെയാണ്. സെക്യുലർ നവോത്ഥാനാനന്തര യൂറോപ്പ് ചെയ്തുകൂട്ടിയ ഒരു മഹാക്രൂരതക്ക് തീർത്തും നിരപരാധികളായ ഫലസ്തീൻ ജനത (ക്രിസ്ത്യാനികളും മുസ്‌ലിംകളും) പരിഹാരം ചെയ്യണമെന്നത് എന്ത് നീതിയാണ്? പക്ഷേ, ഫലസ്തീനികളുടെ പ്രയാസങ്ങളെ വസ്തുനിഷ്ഠമായി സമീപിക്കാൻ ഒബാമക്ക് സാധിച്ചില്ല. ഏറ്റവും അവസാനത്തെ അതിക്രൂരമായ ഗാസാ അധിനിവേശത്തെക്കുറിച്ചും അന്താരാഷ്ട്ര കോടതി വരെ തള്ളിപ്പറഞ്ഞ വിഭജന മതിലിനെക്കുറിച്ചും അദ്ദേഹം ഒരക്ഷരം മിണ്ടിയില്ല. അമേരിക്കയെ സംബന്ധിച്ചേടത്തോളം മുസ്‌ലിം ലോകവുമായി അടുക്കാനുള്ള ഏറ്റവും വലിയ ടേണിംഗ് പോയന്റ് ആണ് ഫലസ്തീൻ. അതിൽ എത്രത്തോളം നീതിയോടടുത്തു നിൽക്കാൻ കഴിയും എന്നത് അമേരിക്ക നേരിടുന്ന ഏറ്റവും വലിയ വെല്ലുവിളിയാണ്.

അടിസ്ഥാനപരമായി ഈ രണ്ട് ദൗർബല്യങ്ങളുണ്ടായിരിക്കെത്തന്നെ ഒബാമയുടെ പ്രസംഗത്തെ പൊതുവെ സ്വാഗതം ചെയ്യാൻ ഇസ്‌ലാമിക പ്രസ്ഥാനങ്ങളെ പ്രേരിപ്പിച്ചതെന്തായിരിക്കും? ലോക രാഷ്ട്രീയത്തിന്റെ ബന്ധമാതൃകകളിൽ സംഭവിച്ചുകൊണ്ടിരിക്കുന്ന മാറ്റത്തിന്റെ സൂചനകളായി നമുക്കിതിനെ കാണാം. അതായത്, സംഘർഷങ്ങൾക്ക് പകരം സമവായത്തിന്റെ, ആയുധത്തിന് പകരം ജനാധിപത്യ പ്രക്രിയയുടെ അൽപം കൂടി തുറസ്സായ അനുഭവങ്ങളിലേക്ക് പതുക്കെയെങ്കിലും ലോകം മാറിക്കൊണ്ടിരിക്കുന്നതിന്റെ ചെറിയ തുടക്കങ്ങളാണിത്. നാഗരികതകളുടെ സംഘട്ടനം പോലുള്ള രൗദ്രമായ ആശയങ്ങൾ ഇടക്കാലത്തെ മേൽക്കൈക്ക് ശേഷം ഇന്ന് പൊതുവെ അവഗണിക്കപ്പെടുന്നു. കൂടുതൽ അടുക്കാനും അറിയാനുമുള്ള പ്രവണത എല്ലാ വിഭാഗങ്ങളും പരസ്പരം കാണിക്കുന്നുവെന്നത് വലിയ മാറ്റം തന്നെയാണ്.

പുതിയ അവസ്ഥകളോട് ഏറ്റവും സക്രിയമായി പ്രതികരിക്കാൻ ഇസ്‌ലാമിക പ്രസ്ഥാനങ്ങൾക്കും സാധിക്കുന്നുവെന്നതാണ് ആശാവഹമായ കാര്യം. തുർക്കിയിലെ ഇസ്‌ലാമിസ്റ്റ് എ.കെ പാർട്ടിയും അതിന്റെ ധിഷണാശാലിയും പ്രത്യുൽപന്നമതിയുമായ അമരക്കാരൻ റജബ് ത്വയ്യിബ് ഉർദുഗാനും ഇതിന്റെ പ്രായോഗിക പാഠങ്ങളാണ് ലോകത്തിന് മുമ്പിൽ കാണിച്ചുകൊണ്ടിരിക്കുന്നത്. ടുണീഷ്യയിലെ ഇസ്‌ലാമിക പ്രസ്ഥാനത്തിന്റെ വിപ്രവാസ അമരക്കാരൻ റാശിദുൽ ഗനൂശിയും ഖത്തറിലെ യൂസുഫുൽ ഖറദാവിയും ലബനാനിലെ ശൈഖ് ഫൈസ്വൽ മൗലവിയും ധിഷണാപരമായും സൈദ്ധാന്തികമായും ഇത്തരം ശ്രമങ്ങൾക്ക് പിന്തുണ നൽകുന്നു. ഈജിപ്തിലെ ഇഖ്‌വാനുൽ മുസ്‌ലിമൂൻ ആകട്ടെ, ലിബറലുകൾ, ഇടതുപക്ഷക്കാർ തുടങ്ങിയവരുമായി രാഷ്ട്രീയ സഖ്യങ്ങൾ രൂപീകരിച്ചു കൊണ്ട് ബഹുസ്വരതയുടെയും കൂടിച്ചേരലിന്റെയും പുതിയ പാഠങ്ങൾ രചിക്കുന്നു. ഹമാസ് വൻ ഭൂരിപക്ഷത്തോടു കൂടി അധികാരമേറ്റിട്ടും ഫത്ഹ് കൂടി ഉൾപ്പെടുന്ന ദേശീയ സർക്കാർ രൂപീകരിക്കാനാണ് അവർ ആദ്യം ശ്രമിച്ചത് എന്നത് ഈ ഉൾപ്പെടുത്തൽ നയത്തെയാണ് ഉയർത്തിപ്പിടിക്കുന്നത് (ദേശീയ സർക്കാർ എന്ന ആശയത്തെ ഫത്ഹ് പക്ഷേ പിന്താങ്ങിയില്ല). ഉർദുഗാന്റെ തുർക്കി പല നിലക്കും മാതൃകകൾ സൃഷ്ടിച്ചു കൊണ്ടിരിക്കുകയാണ്. അമേരിക്ക, യൂറോപ്യൻ യൂനിയൻ എന്നിവയുമായി അടുത്ത ബന്ധം പുലർത്തുമ്പോൾ തന്നെ ഇറാൻ, സിറിയ മറ്റ് പശ്ചിമേഷ്യൻ രാജ്യങ്ങൾ എന്നിവയുമായും മികച്ച ബന്ധങ്ങൾ സ്ഥാപിക്കാൻ അതിന് കഴിഞ്ഞു. ഫലസ്തീൻ പോരാട്ടത്തെ അകമഴിഞ്ഞ് പിന്തുണക്കുമ്പോഴും ഇസ്രയേലുമായി നയതന്ത്ര ബന്ധം മെച്ചപ്പെടുത്താനും ചർച്ചാ മേശയിലേക്ക് ഇസ്രയേലിനെ കൊണ്ടുവരാനുമുള്ള ധാർമികമായ കരുത്ത് തുർക്കി കാണിക്കുന്നു. ചരിത്രപരവും സാംസ്കാരികവുമായ കാരണങ്ങളാൽ ദശാബ്ദങ്ങളായി അകന്നു നിന്നിരുന്ന ക്രിസ്ത്യൻ അർമീനിയയിൽ സന്ദർശനം നടത്തി ഭൂതകാലത്തിന്റെ കണക്കുകൾ മറക്കാനും പൊറുക്കാനുമുള്ള ആഹ്വാനം ഉർദുഗാൻ ഈയിടെ നടത്തിയത് വ്യാപകമായി ശ്രദ്ധിക്കപ്പെടുകയുണ്ടായി. ബഹളമാർന്ന മുദ്രാവാക്യങ്ങൾക്കും നിഷേധാത്മക രാഷ്ട്രീയത്തിനുമപ്പുറം ക്രിയാത്മകവും സമവായത്തിന്റേതുമായ പുതിയ രാഷ്ട്രീയ പരീക്ഷണങ്ങൾക്ക് ഇസ്‌ലാമിക പ്രസ്ഥാനങ്ങൾ സന്നദ്ധമായിക്കൊണ്ടിരിക്കുന്ന സന്ദർഭത്തിൽ തന്നെയാണ് ഒബാമയുടെ പ്രഭാഷണമെന്നത് അതിന്റെ പ്രസക്തി വർധിപ്പിക്കുന്നു. തീർച്ചയായും ആഹ്ലാദകരമായ കാര്യങ്ങൾ കാണാൻ അടുത്ത തലമുറക്കെങ്കിലും ഭാഗ്യമുണ്ടാവുമെന്ന് നമുക്ക് പ്രതീക്ഷിക്കാം. ■